(സി) പെൻഷൻകാരോട് ഈ ഗവൺമെന്റ് ഉദാരമായ സമീപനമാണ് കൈക്കൊണ്ടിട്ടുള്ളത്. കഴിയുന്നതും ഈ നിലപാടുതന്നെ തുടരാൻ ശ്രമിക്കുന്നതാണ്.

31-3-1985-ൽ സംസ്ഥാന സർവ്വീസിൽ നിന്നും പെൻഷൻ പറ്റിയവർ

464 [820] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 31-3-1985-ൽ സംസ്ഥാനത്ത് പെൻഷൻ പറ്റിയവർ എത്രയാണ്;

(ബി) ഇവർക്ക് 1984-85 വർഷത്തിൽ ആകെ നൽകിയ പെൻഷൻ സംഖ്യ എത്രയാണ്;

(സി) പെൻഷൻ പറ്റിയവർക്ക് ഗവൺമെന്റ് പുതിയതായി അനുവദിക്കാൻപോകുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണ്;

(ഡി) മേൽപ്പറഞ്ഞ തീയതിക്കു മുൻപ് റിട്ടയർ ചെയ്തവരിൽ എത്രപേർക്ക് ഇനി പെൻഷൻ അനുവദിയ്ക്കാനുണ്ട്;

(ഇ) അതിൽ റിട്ടയർ ചെയ്തിട്ട് ഒരുവർഷം കഴിഞ്ഞിട്ടും പെൻഷൻ കിട്ടാത്തവർ എത്രയുണ്ട്?

ഉത്തരം

(എ) ഉദ്ദേശം ഒരുലക്ഷത്തി പതിനായിരത്തോളം പെൻഷൻകാർ ഉണ്ടാകും.

(ബി) എഴുപത്തഞ്ചു കോടി രൂപയാണ്.

(സി) പെൻഷൻ നിയമങ്ങൾ വിശദമായി പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിയ്ക്കാൻ ധനകാര്യ വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റ് ഉത്തരവുകൾ ഉൾപ്പെടെ ഇതു സംബന്ധിച്ചുള്ള എല്ലാവശങ്ങളും ധനകാര്യ വകുപ്പിന്റെ പരിശോധനയ്ക്ക് വിധേയമാകുന്നതാണ്.

(ഡി) സർക്കാർ തലത്തിൽ (ധനകാര്യ വകുപ്പ്) പെൻഷൻ അനുവദിയ്ക്കേണ്ടത് വകുപ്പു മേധാവികളുടെയും സെക്രട്ടേറിയറ്റിലെ ജോയിന്റ് സെക്രട്ടറിമാർ മുതൽ മേൽപ്പോട്ടുള്ള ഉദ്യോഗസ്ഥൻമാരുടെയും മാത്രമാണ്.

(ഇ) ബാക്കിയുള്ള ഉദ്യോഗസ്ഥൻമാരുടെ പെൻഷൻ അനുവദിയ്ക്കുന്നതിനുള്ള അധികാരം വകുപ്പുമേധാവികൾക്ക് കൊടുത്തുകഴിഞ്ഞു. അതുകൊണ്ട് ഇത്തരത്തിലുള്ള ഒരു കണക്ക് സർക്കാർ സൂക്ഷിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly